# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### ജനന സർട്ടിഫിക്കറ്റിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1771 — 05.12.14- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന ജനന സർട്ടിഫിക്കറ്റിലെ വിവരങ്ങൾ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണത മൂലം ജനങ്ങൾ പ്രയാസപ്പെടുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br>ചീഫ് രജിസ്ട്രാറുടെ 08.12.2010ലെ ബി1-20741/2009 നമ്പർ സർക്കുലറിലെ(7) തിരുത്തലുകൾ എന്ന ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സുതാര്യവും വ്യക്തവുമാണ്. ആയത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള സാഹചര്യത്തിൽ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ പ്രധാന സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ജനന സർട്ടിഫിക്കറ്റ് നിർബന്ധമായതിനാൽ അതിലെ വിലാസം, പേരിലെ മാറ്റം, എന്നിവ തിരുത്തുന്നതിന് കൂടുതൽ ലളിതമായ നടപടിക്രമം ഏർ പ്പെടുത്താമോ; | (ബി) | ജനന സർട്ടിഫിക്കറ്റിലെ വിലാസം, പേരിലെ മാറ്റം എന്നിവ തിരുത്തുന്നതിന് നിലവിൽ ലളിതമായ നടപടിക്രമങ്ങളാണ് ഏർ പ്പെടുത്തിയിട്ടുള്ളത്. |
| (സി) | നിലവിൽ ഇതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർ ദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തമായ മാർഗ്ഗനിർ ദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്താൻ ഹാജരാക്കേണ്ട രേഖകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (ഡി) | പേര്, ഇനിഷ്യൽ, വിലാസം എന്നിവയിലെ തെറ്റ് തിരുത്തലിനായി താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.<br>1) 5രൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.<br>2) ജനനം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത്.(സ്ഥാപനം നിലവിലില്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വച്ച് നടന്ന ജനന മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് കക്ഷിയുടെ സത്യവാങ്മൂലം മതിയാകുന്നതാണ്.)<br>3) വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം) |

| | | | |
|---|---|---|---|
| | | | 4) സ്കൂൾ രേഖ,ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്,റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിൻെറ പകർപ്പ്.<br>5) വിശ്വസനീയമായ വ്യക്തിയുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾ)<br>6) കുട്ടിയുടെ പേര് ഇനിഷ്യൽ തുടങ്ങിയവ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി തിരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ , തിരിച്ചറിയൽ രേഖ, മുമ്പ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവയും സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ജനന രജിസ്റ്ററിൽ ചേർത്തിട്ടുള്ള പേര് സ്കൂൾ രേഖയുമായി വ്യത്യാസമുണ്ടെങ്കിൽ കുട്ടിയുടെ സ്കൂൾ രേഖ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ, 100/-രൂപ മുദ്രപ്പത്രത്തിൽ മാതാപിതാക്കളുടെ സത്യവാങ്മൂലം, മുമ്പ് വാങ്ങിയ അസൽ ജനന സർട്ടിഫിക്കറ്റ് എന്നിവ സഹിതം 50 രൂപ കോംപൗണ്ടിംഗ് ഫീസ് ഒടുക്കി തിരുത്താവുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**